ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല.

അബ്കാരി കുടിശിക

1180 [1614] ശ്രീ. സി. കെ. ചക്രപാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85-ലെ അബ്കാരി കുടിശ്ശിക വല്ലതും പിരിഞ്ഞു കിട്ടാനുണ്ടോ ;

(ബി) എങ്കിൽ എന്തു തുക ;

(സി) ഇത് റേഞ്ചടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 7,59,08,597,80 രൂപ.

(സി) റേഞ്ചടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

എക്സൈസ് വകുപ്പുമന്ത്രിയുടെ അധികാരപരിധിയിലുള്ള കോർപ്പറേഷനുകളും ബോർഡുകളും

1181 [1615] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പുമന്ത്രിയുടെ അധികാര പരിധിയിൽ എത്ര കോർപ്പറേഷനുകളും ബോർഡുകളും ഉണ്ട് ;

(ബി) ആ സ്ഥാപനങ്ങളിലെ ചെയർമാൻമാരുടെയും ഡയറക്ടർ ബോർഡ് മെമ്പർമാരുടെയും പേരുകൾ വ്യക്തമാക്കുമോ ;

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 31-3-1985 വരെ മേൽപ്പറഞ്ഞ ഓരോ ചെയർമാൻമാർക്കും, ഓരോ ഡയറക്ടർമാർക്കും മെമ്പർമാർക്കും, ശമ്പളം ടി. എ., ഡി. എ., മറ്റ് അലവൻസുകൾ എന്നീ ഇനത്തിൽ നൽകിയ സംഖ്യ എത്ര വീതമാണ് ;

(ഡി) ഓരോ കോർപ്പറേഷനുകളിലും ബോർഡുകളിലും ഈ ഇനത്തിൽ ആകെ വന്ന സംഖ്യ എത്ര വീതമാണ് ;

(ഇ) മേൽപ്പറഞ്ഞ ഓരോ സ്ഥാപനങ്ങളിലും ഈ കാലയളവിൽ പെട്രോൾ, ഡീസൽ എന്നീ വകയിൽ ആകെ എത്ര സംഖ്യ വീതം ചെലവു വന്നിട്ടുണ്ട് ?

ഉത്തരം

(എ) ഒന്ന് (കേരളാ സ്റ്റേറ്റ് ബിവറേജസ് മാനുഫാക്ചറിംഗ് ആൻറ് മാർക്കറ്റിംഗ് കോർപ്പറേഷൻ ലിമിറ്റഡ്)

(ബി) ചെയർമാൻ ശ്രീ. എം: പി. ഭരതൻ, മാനേജിംഗ് ഡയറക്ടർ ശ്രീ. എം. ജി. വാസുദേവൻ.

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

മറ്റു ഡയറക്ടർമാർ

ശ്രീ. സഖറിയാ മാത്യൂ (എക്സൈസ് കമ്മീഷണർ)
ശ്രീ. എസ്. പത്മകുമാർ (ചെയർമാൻ ആൻറ് എം. ഡി. കെ. എസ്. ഐ. ഡി. സി)
ശ്രീ. കെ. വി. രബീന്ദ്രൻ നായർ (ഫൈനാൻസ് കമ്മീഷണർ ആൻറ് സെക്രട്ടറി)
ശ്രീ. എം. ജി. കെ. മൂർത്തി (നികുതി വകുപ്പു സെക്രട്ടറി)

	(സി) ചെയർമാൻ രൂപ	എം. ഡി രൂപ
ശമ്പളവും അലവൻസും	41,176.00	54,571.75
ടി. എ.	6,885 10	5,531.55
മറ്റ് അലവൻസുകൾ		
മെഡിക്കൽ റീ ഇംപേഴ്സ്മെൻറ്	..	500.00
ആകെ	48,061.10	60,603.30

(ഡി) 1,08,664.40 രൂപ
(ഇ) പെട്രോളിന് 36,097.82 രൂപ
ഡീസലിന് 19,017.88 രൂപ
ആകെ 55,115.70 രൂപ

എക്സൈസ് വകുപ്പിലെ വാഹനങ്ങൾ

1182 - [1616] ശ്രീ. കെ. ജെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിന് ഇപ്പോൾ എത്ര വാഹനങ്ങൾ ഉണ്ട് ;

(ബി) 1985-86 സാമ്പത്തിക വർഷത്തിൽ എത്ര വാഹനങ്ങൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നു ;

(സി) 1984-85 സാമ്പത്തിക വർഷത്തിൽ എത്ര പുതിയ വാഹനങ്ങൾ വാങ്ങി ;

(ഡി) ഇതിനുവേണ്ടി എത്ര പണം ചെലവായി എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 155.
(ബി) 35.
(സി) വാങ്ങിയിട്ടില്ല.
(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly